Keraleeyam
2011 January
Rs. 20/-
Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/01/2011




**ഞാനൊന്നും അറിയില്ല എന്ന കരുണാകരന്റെ ഭാവം യഥാർഥത്തിൽ പച്ചക്കള്ളമാണ്. കാരണം ആന്ധ്രയിലെ കമ്മ്യൂണിസ്റ്റുകാരെ ടോർച്ചർ ചെയ്ത് ശീലമുള്ളവരെ തെരഞ്ഞെടുത്ത് ഇവിടേയ്ക്ക് അയച്ചത് എങ്ങിനെ നിഷ്കളങ്കമാകും? അടിയന്തരാവസ്ഥ തടവുകാരനായിരുന്ന ശംഭുദാസ്. കെ എഴുതുന്നു**

# കരുണാകരൻ നേതൃത്വം കൊടുത്ത ഉരുട്ടൽ വിദ്യ

കെ. കരുണാകരനെക്കുറിച്ച് പെട്ടെന്ന് ഓർമ്മ വരുക അതിവേഗതയിലുള്ള അദ്ദേഹത്തിന്റെ ബെൻസ് കാർ യാത്ര വികലാംഗരാക്കിയവരെക്കുറിച്ചാണ്. ആയിരത്തിലധികം വരും ആ വേഗതയുടെ തിക്താനുഭങ്ങൾ അനുഭവിക്കുന്നവർ. അവരെ സംഘടിപ്പിക്കാനുള്ള ഒരു സംവിധാനം ഉണ്ടായിരുന്നെങ്കിൽ കരുണാകരൻ മരിച്ച ദിവസം ഇവരേയും കൂട്ടി ആ മൃതശരീരം കാണാൻ ഒരു ജാഥയായി പോകാൻ ആഗ്രഹിച്ചിരുന്നു. തേരാളിയായ കൃഷ്ണനെ ഭജിക്കുന്നതുകൊണ്ടായിരിക്കണം അയാൾക്ക് ഇത്ര സ്പീഡ്.

അടിയന്തരാവസ്ഥയിലെ പീഡനങ്ങൾക്ക് കരുണാകരൻ ഉത്തരാവാദിയായിരുന്നോ എന്നാണ് മറ്റൊരു ചോദ്യം. ഞാനൊന്നും അറിയില്ല എന്ന കരുണാകരന്റെ ഭാവം യഥാർഥത്തിൽ പച്ച കള്ളമാണ്. കാരണം ആന്ധ്രയിലെ കമ്മ്യൂണിസ്റ്റുകാരെ ടോർച്ചർ ചെയ്ത് ശീലമുള്ളവരെ തെരഞ്ഞെടുത്ത് ഇവിടേയ്ക്ക് അയച്ചത് എങ്ങിനെ നിഷ്കളങ്കമാകും?

ടോർച്ചർ വിദഗ്ധരെ ഇവിടേയ്ക്ക് കൊണ്ടുവരാൻ തീരുമാനിച്ചത് ഒന്നും അറിയാതെയാവില്ല എന്ന് ഉറപ്പാണ്. ഉദ്യോഗസ്ഥരല്ലല്ലോ അത് തീരുമാനിക്കുന്നത്. അന്തിമ തീരുമാനം തലപ്പത്ത് നിന്നാണല്ലോ ഉണ്ടാകുക.

42 ലെ കമ്മ്യൂണിസ്റ്റുകാർക്ക് പരിചയമില്ലാത്തതാണ് ഉരുട്ടൽ. ഞാനും ഇതിന് മുൻപ് ഉരുട്ടലിനെപ്പറ്റി കേട്ടിട്ടില്ല. ടോർച്ചർ വിദഗ്ധരായ മുരളീകൃഷ്ണ ദാസിനെ വിളിച്ച് വരുത്തിയത് എല്ലാം അറിഞ്ഞുകൊണ്ടുതന്നെയാണ്.

വൈദ്യുത ബോർഡിന്റെ കീഴിലുള്ള ഒരു കെട്ടിടത്തിലാണ് കക്കയം ക്യാമ്പ് ഉണ്ടായിരുന്നത്. അന്ന് എം. എൻ. ഗോവിന്ദൻ നായരായിരുന്നു വൈദ്യുത മന്ത്രി. അപ്പോൾ അയാളും അറിഞ്ഞിരിക്കേണ്ടതാണ് രാജന്റെ മരണവും അവിടെ നടക്കുന്ന കാര്യങ്ങളുമൊക്കെ. ഇപ്പോൾ ആ കെട്ടിടം പൊളിച്ചുമാറ്റിയിരിക്കുകയാണ്. അത് ഒരു വലിയ കെട്ടിടമായിരുന്നു. ഞാൻ ഉണ്ടായിരുന്ന മുറിയിൽതന്നെ നാൽപത് നാൽപ്പത്തി രണ്ടോളം പേരുണ്ടായിരുന്നു. പിന്നെ കുറേ ഉദ്യോഗസ്ഥരും ഓഫീസും മറ്റും. ഇതെല്ലാം കരുണാകരൻ അറിയാതെ നടക്കില്ല.

എന്റെ സഹപാഠി ഒരു എം. എസി. പി. ക്കാരനുണ്ടായിരുന്നു അവിടെ, വേലായുധൻ. മുന്നു ദിവസം വെള്ളവും ഭക്ഷണവും ഇല്ലായിരുന്ന ഞങ്ങൾക്ക്. ഈ കക്ഷിയാണ് ഇളനീർ കൊണ്ടുവന്ന് കക്കുസിൽ കൊണ്ടുപോകാനായി ഭാവിച്ച് കൂട്ടിക്കൊണ്ടുപോയി ഇളനീർ തന്നത്. അടിയന്തരാവസ്ഥ കഴിഞ്ഞ ശേഷം ഞാൻ വേലായുധനെ കണ്ട് രാജന്റെ കാര്യം ചോദിച്ചപ്പോൾ മരിച്ചു എന്ന് മാത്രമേ അറിയൂ എങ്ങിനെ എന്നറിയില്ല എന്നാണ് പറഞ്ഞത്. ഉരുട്ടലിന്റെ ഇരയാണ് രാജൻ. ഉരുട്ടലിന്റെ ഭവിഷ്യത്ത് അവർ പ്രതീക്ഷിച്ച് കാണില്ല. ബഞ്ചിൽ കെട്ടിയിട്ട് വായയിൽ അടിവസ്ത്രം തിരുകി അഞ്ചാറ് പോലീസുകാർ തുടരെ തുടരെ ഉരുട്ടുമ്പോൾ ഇങ്ങനെ വരുമെന്ന് ഒരുപക്ഷെ കരുതിയിരിക്കില്ല. രാജൻ മരിച്ചതിനുശേഷം പുലിക്കോടനെ ക്യാമ്പിലേയ്ക്ക് പ്രവേശിപ്പിച്ചിരുന്നില്ല. അതിന് മുമ്പ് പുലിക്കോടൻ അർദ്ധ രാത്രിയിൽ കള്ളു കുടിച്ച് വന്ന് എല്ലാവരേയും ചവിട്ടി ഉണർത്തി മർദ്ദിക്കാറുണ്ടായിരുന്നു. അയാൾക്ക് അത് ഒരു വിനോദമായിരുന്നു. അഞ്ചാറ് പോലീസുകാരാനാണ് ആസ്വദിച്ചുകൊണ്ട് ഉരുട്ടൽ നടത്തിയിരുന്നത്. കൃഷ്ണൻ നായരൊക്കെയായിരുന്നു ഏറ്റവും ക്രൂരൻ.

എന്നെ പിടിയ്ക്കാൻ മുരളീകൃഷ്ണ ദാസാണ് ഇവിടെ വന്നത്. 15 വണ്ടി പോലീസുമായി. കഴുത്തിൽ തോക്ക് ചൂണ്ടി ഇറക്കിക്കൊണ്ടുപോകുകയായിരുന്നു. പളുങ്ക് കണ്ണുകളുള്ള, വിദേശ സിനിമാ നടനെപ്പോലെയുള്ള, ഉയരമുള്ള, മനുഷ്യൻ. അയാൾ ടോർച്ചർ എക്സപർട്ടാണ്. ഇത്തരം ഒരു ടോർച്ചർ വിദഗ്ധന്റെ നേതൃത്വത്തിലുള്ള സംഘത്തെ ഇവിടേയ്ക്ക് വിളിച്ചുകൊണ്ടുവന്നത് എങ്ങിനെ ഒന്നുമറിയാതെയാണെന്ന് പറയാൻ കഴിയും? വളരെ ക്രൂരമായെടുത്ത തീരുമാനംതന്നെയാണത്. അവർ എന്താണ് ചെയ്യുക എന്ന് നന്നായി മനസ്സിലാക്കിയുള്ള തീരുമാനമായിരുന്നു അത്. കരുണാകരൻ എടുത്ത ക്രൂരമായ തീരുമാനം.

***(സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്: മുകുന്ദനുണ്ണി)***

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com